തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.17919/20/Est.C

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം.
തീയതി: 11/11/2026

സർക്കുലർ

വിഷയം:- പ്രൊബേഷൻ കാലയളവിൽ ഇൻക്രിമെന്റ് നൽകുന്നത് - സംബന്ധിച്ച്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി ഈ ആഫീസിലേയ്ക്ക് അയച്ച് നൽകുന്ന പ്രൊഫോർമയിൽ പ്രൊബേഷൻ കാലയളവിൽ ഇൻക്രിമെന്റ് അനുവദിച്ച് വരുന്നതായി കണ്ടുവരുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തി ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

KSR Part – 1, 37 (B) (1), (2) പ്രകാരം രണ്ട് വർഷം പ്രൊബേഷൻ കാലയളവുള്ള തസ്തികയിൽ വാർഷിക ഇൻക്രിമെന്റ് ആദ്യ വർഷം അനുവദിക്കേണ്ടതാണ്. എന്നാൽ രണ്ടാമത്തെ ഇൻക്രിമെന്റ് ടി തസ്തികയിലേയ്ക്കുള്ള പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന് ശേഷം മാത്രമേ അനുവദിക്കാവൂ.

ഒരു വർഷം പ്രൊബേഷൻ കാലയളവുള്ള തസ്തികയിൽ ടി തസ്തികയിലേയ്ക്കുള്ള പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന് ശേഷം വാർഷിക ഇൻക്രിമെന്റ് അനുവദിക്കേണ്ടതാണ്. മേൽ വിവരിക്കും പ്രകാരം അല്ലാതെ ഇൻക്രിമെന്റ് അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്;-
1) എല്ലാ ഓഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2) ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
3) സെക്ഷൻ ഫയൽ

Jyo.12/10

Scanned with OKEN Scanner